**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5307** **21-03-2025 - ൽ മറുപടിയ്ക്ക്**

**'സേഫ് കേരള പ്രൊജക്ട്' വഴിയുള്ള റോഡ് സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 'സേഫ് കേരള പ്രൊജക്ട്' വഴി റോഡ് സുരക്ഷ ഉറപ്പാക്കാൻ സ്വീകരിക്കുന്ന പ്രധാന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിനും റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുക എന്ന ഉദ്ദേശത്തോടു കൂടിയും സംസ്ഥാനത്ത് 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വാഹന നിയമ ലംഘനങ്ങൾ കണ്ടെത്താനും അപകട മേഖലകൾ കണ്ടെത്തി അതിനുള്ള പരിഹാരം നിർദ്ദേശിക്കാനും ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാനും അപകടങ്ങൾ ഉണ്ടായാൽ കാരണങ്ങൾ കണ്ടെത്തുവാനും ഈ സ്ക്വാഡുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>**എ ഐ ക്യാമറ പദ്ധതി**<br><br>റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച രാജ്യത്തെ ആദ്യത്തെ Fully Automated Enforcement System – എന്ന സംവിധാനത്തിന്റെ ഭാഗമായി നിർമ്മിത ബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടെ 726 ക്യാമറകൾ കേരളത്തിലെ നിരത്തുകളിൽ 2023 ജൂൺ 5 ന് പ്രവർത്തനസജ്ജമായി. തെറ്റായ രീതിയിലുള്ള വാഹന പാർക്കിംഗ്, വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോണിന്റെ ഉപയോഗം, സീറ്റ് ബെൽറ്റ്/ഹെൽമെറ്റ് എന്നിവ ധരിക്കാതിരിക്കൽ, റെഡ് ലൈറ്റ് മറികടന്ന് വാഹനമോടിക്കൽ എന്നിവയ്ക്കാണ് ഈ സംവിധാനത്തിലൂടെ പിഴ ഈടാക്കുന്നത്. എ ഐ ക്യാമറകൾ പ്രവർത്തനമാരംഭിച്ച ജൂൺ 2023 മുതൽ മെയ് 2024 വരെയുള്ള കാലയളവിലെ അപകടമരണങ്ങൾ 3877 ഉം 2022 ജൂൺ മുതൽ 2023 മെയ് വരെയുള്ള അപകടമരണങ്ങൾ 4283 ആണ്. അതായത് എ ഐ ക്യാമറകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചതിനു ശേഷം അപകടമരണങ്ങളിൽ 406 എണ്ണത്തിന്റെ കുറവ് വന്നിട്ടുണ്ട്. |
| (ബി) | സ്കൂൾ ബസ്സുകൾ, പബ്ലിക്ക് ട്രാൻസ്പോർട്ട് വാഹനങ്ങൾ, ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്കുള്ള സുരക്ഷാ മാനദണ്ഡങ്ങൾ കർശനമാക്കാൻ പുതിയ നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ; | (ബി) | പുതിയ നിയമനിർമാണം നടത്തിയിട്ടില്ല. നിലവിലുള്ള നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് കർശനമായി പരിശോധന നടത്തി വരുന്നു. |
| (സി) | ട്രാഫിക് നിയമ ലംഘനങ്ങൾ കുറക്കുന്നതിനായി എ.ഐ. ക്യാമറകൾ, ഇ-ചലാൻ എന്നിവ മുഖേനയുളള നടപടികൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ട്രാഫിക് നിയമ ലംഘനം കുറയ്ക്കുന്നതിനായി എ ഐ ക്യാമറകൾ മുഖേനെയുള്ള വിവിധ പരിശോധന നടപടികൾ ശക്തിപ്പെടുത്തുന്നതാണ്.<br><br>പോലീസ് വകുപ്പ് 2020 മുതൽ ഇ-ചെല്ലാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി ചില നിയമ ലംഘനങ്ങൾ വാഹനങ്ങളെ തടഞ്ഞുനിർത്തി പരിശോധിക്കാതെ തന്നെ കണ്ടെത്താനും, ഓൺലൈനായി ചലാൻ നൽകാനും സാധിക്കുന്നു. ഈ സംവിധാനം ഉപയോഗിച്ച് കൂടുതൽ നിയമലംഘനങ്ങൾ കണ്ടെത്തി നടപടിയെടുക്കാൻ പോലീസ് വകുപ്പിന് കഴിയുന്നുണ്ട്. 2024 -ൽ മാത്രം 50,64,614 ചെല്ലാനുകളാണ് ഈ സംവിധാനത്തിലൂടെ വിതരണം ചെയ്തിട്ടുള്ളത്. |
| (ഡി) | റോഡുകളുടെ ഗുണനിലവാരം, സിഗ്നൽ സംവിധാനം, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ മെച്ചപ്പെടുത്തി റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ബജറ്റിൽ ആവശ്യമായ പരിഗണന ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് പ്രകാരം ലഭിയ്ക്കാനുള്ള തുക ബജറ്റിൽ വകയിരുത്താറുണ്ട്. സംസ്ഥാന ബജറ്റിൽ 2023-24 സാമ്പത്തിക വർഷം 'Improve Traffic Management and Reduction in Accident' എന്ന സ്കീമിൽ 180 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽ 60 ലക്ഷം രൂപ ട്രാഫിക് സിഗ്നൽ മെയിന്റനൻസ് ആൻഡ് മോണിറ്ററിംഗ് സെന്ററിനായി അനുവദിച്ചിട്ടുള്ളതാണ്. ബാക്കി തുക ഗതാഗത നിയന്ത്രണത്തിനായി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ളതാണ്.<br><br>പൊതുമരാമത്ത് നിരത്തു വിഭാഗത്തിൽ റോഡുകളുടെ ഗുണനിലവാര പരിശോധനയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഘടകങ്ങളും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പൊതുമരാമത്തിന്റെ റോഡുകളിൽ പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ, SBD Condition, Morth specfication എന്നിവ അനുസരിച്ചാണ് പ്രവൃത്തികൾ നടത്തിവരുന്നത്. വിവിധഘട്ടങ്ങളിലായി ത്രിതല ഗുണപരിശോധന നടത്തിയാണ് ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നത്. ഇവയ്ക്ക് വേണ്ടി കാര്യക്ഷമമായ ഉദ്യോഗസ്ഥ വിഭാഗവും പൊതുമരാമത്തിനുണ്ട്. പരിശോധനകൾ എല്ലാം തന്നെ SBD Condition |

| | | | |
|---|---|---|---|
| | | | അനുസരിച്ച് ബഡ്ജറ്റ് തുകയ്ക്ക് ഉള്ളിൽ നിന്നുകൊണ്ട് കോൺട്രാക്ടറുടെ ചെലവിൽ തന്നെയാണ് നടത്തുന്നത്. II nd tier Quality testing- നായി ക്വാളിറ്റി ഓഫീസർ മാരും കാര്യക്ഷമമായ വിജിലൻസ് വിഭാഗവും ആയതിൻ്റെ മേൽനോട്ടം വഹിക്കുന്നുണ്ട്.<br><br>പ്രധാനപ്പെട്ട എല്ലാ പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ആ പ്രവൃത്തിയുടെ site condition അനുസരിച്ചുള്ള റോഡ് സുരക്ഷാക്രമീകരണങ്ങൾ കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയാണ് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കുന്നത്. റോഡ് സുരക്ഷാഘടകങ്ങൾ പൂർണ്ണമായും site - ൽ execute ചെയ്യണം എന്ന കർശന നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. ഗുണനിലവാര പരിശോധനാ ഫലങ്ങളും, റോഡ് സുരക്ഷാ മാനദണ്ഡങ്ങളും കൃത്യമായി പാലിച്ചിട്ടുണ്ട് എന്നു ഉറപ്പാക്കിയാണ് കരാറുകാർക്ക് പ്രവൃത്തിയുടെ ബിൽ തുക നൽകുന്നത്. ആയതിനാൽ പ്രത്യക്ഷമായിട്ടല്ല എങ്കിലും റോഡ് സുരക്ഷയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് ബജറ്റിൽ പരിഗണന ലഭിച്ചു എന്നു പറയാവുന്നതാണ്. |

സെക്ഷൻ ഓഫീസർ